# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 ഓഗസ്റ്റ് 3**

---

## എം.ജി ബിരുദ പ്രവേശനം; രണ്ടാം സപ്ലിമെൻററി അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിലെ ബിരുദ കോഴ്സുകളിലേക്കുള്ള ഏകജാലക പ്രവേശനത്തിൻറെ രണ്ടാം സപ്ലിമെൻററി അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചു. അലോട്ട്മെൻറ് ലഭിച്ചവരും ഒന്നാം സപ്ലിമെൻററി അലോട്മെൻറിൽ താത്കാലിക പ്രവേശമെടുത്തിട്ടുള്ളവരും ഓഗസ്റ്റ് ഏഴിന് വൈകുന്നേരം നാലിനു മുൻപ് കോളേജുകളിൽ നേരിട്ട് ഹാജരായി സ്ഥിര പ്രവേശനം എടുക്കണം.

നിശ്ചിത സമയപരിധിക്കുള്ളിൽ സ്ഥിര പ്രവേശനം എടുക്കാത്തവരുടെ അലോട്ട്മെൻറ് റദ്ദാകും.

(പി.ആർ.ഒ/39/925/2023)

## പ്രോജക്ട് അസിസ്റ്റന്റ്; വാക്ക്-ഇൻ-ഇന്റർവ്യൂ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ബിസിനസ് ഇന്നൊവേഷൻ ആന്റ് ഇൻക്യുബേഷൻ സെന്ററിൽ(ബി.ഐ.ഐ.സി) പ്രോജക്ട് അസിസ്റ്റന്റ് തസ്തികയിൽ താത്കാലിക നിയമനത്തിനുള്ള വാക്ക്-ഇൻ ഇന്റർവ്യൂ ഓഗസ്റ്റ് ഏഴിന് നടക്കും.

ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിലാണ് നിയമനം. പ്രോജക്ട് അസിസ്റ്റന്റ് - ടെക്നോളജി/മാനേജ്മെന്റ് തസ്തികയിൽ ഓപ്പൺ കാറ്റഗറിയിലും പ്രോജക്ട് അസിസ്റ്റന്റ് - ഫിനാൻസ്/അക്കൗണ്ട്സ് തസ്തികയിൽ ഇ/ബി/ടി കാറ്റഗറിയിലും ഓരോ ഒഴിവുകളാണുള്ളത്.

പ്രതിമാസ വേതനം 20000 രൂപ. പ്രായപരിധി 2023 ജനുവരി ഒന്നിന് 23 നും 30നും ഇടയിൽ.

പ്രോജക്ട് അസിസ്റ്റന്റ് - ടെക്നോളജി/മാനേജ്മെന്റ് തസ്തികയിലേക്ക് അപേക്ഷിക്കുന്നതിന് എം.ബി.എ അല്ലെങ്കിൽ ബി.ടെക് ബിരുദവും മാനേജീരിയൽ മികവുമുള്ളവരെയാണ് പരിഗണിക്കുന്നത്.

ബിസിനസ് ഡവലപ്മെന്റ് അല്ലെങ്കിൽ ടെക്നോളജി ഡവലപ്മെന്റ്, പ്രോജക്ട് മാനേജ്മെന്റ്, ഡി.പി.ആർ-എസ്റ്റിമേറ്റ് തയ്യാറാക്കൽ, ഇൻക്യുബേഷൻ/ഇന്നൊവേഷൻ, സംരംഭകത്വ പ്രോത്സാഹന പ്രവർത്തനങ്ങൾ എന്നിവയിൽ കുറഞ്ഞത് രണ്ടു

വർഷത്തെ പ്രവൃത്തിപരിചയം ഉണ്ടായിരിക്കണം.

പ്രോജക്ട് അസിസ്റ്റന്റ് - ഫിനാൻസ്/അക്കൗണ്ട്സ് തസ്തികയിലേക്ക് അപേക്ഷിക്കുവാൻ സി.എ യോടെയുള്ള ബി.കോം അല്ലെങ്കിൽ എം.ബി.എ - ഫിനാൻസ് ബിരുദമുണ്ടായിരിക്കണം. ഓഡിറ്റിംഗ്, ബിസിനസ്സ് ഡെപലപ്മെന്റ്, അക്കൗണ്ടിംഗ്, ടാലി എന്നിവയിൽ രണ്ടു വർഷത്തെ പ്രവൃത്തിപരിചയവും സംരംഭകത്വ പ്രോത്സാഹന പ്രവർത്തനങ്ങളിൽ താത്പര്യവുമുള്ളവരായിരിക്കണം.

യോഗ്യരായവർ വിജ്ഞാപനത്തോടൊപ്പമുള്ള അപേക്ഷാഫോം പൂരിപ്പിച്ച് പ്രായം, വിദ്യാഭ്യാസം, അധിക യോഗ്യത സമുദായ സംവരണ യോഗ്യത എന്നിവ തെൽയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും സഹിതം ഓഗസ്റ്റ് ഏഴിന് ഉച്ചകഴിഞ്ഞ് 2.30ന് വൈസ് ചാൻസലറുടെ ഓഫീസിൽ ഹജരാകണം.

അഭിമുഖത്തിൽ പങ്കെടുക്കുന്നവർ സർട്ടിഫിക്കറ്റ് വെരിഫിക്കേഷന് സർവകലാശാല അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിലെ എഡി.എ 7 സെക്ഷനിൽ 1.30ന് റിപ്പോർട്ട് ചെയ്യണം. കൂടുതൽ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/926/2023)

## <u>എം.ജി യിൽ സ്പോട്ട് അഡ്മിഷൻ</u>

മൂലമറ്റം എസ്.ജെ.എ.എച്ച്.ഇ.ആർ കോളജിൽ മാനേജ്മെൻറ് ക്വാട്ടയിൽ ബി.പി.ഇ.എഡ് കോഴ്സിന് നാലും ബി.പി.ഇ.എസ് കോഴ്സിൽ 36 സീറ്റുകൾ ഒഴിവുണ്ട്.

ക്യാറ്റ് പ്രോസ്പെക്ടസ് പ്രകാരം യോഗ്യതയുള്ളവർ ഓഗസ്റ്റ് 10ന് രാവിലെ 7.30ന് അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം വകുപ്പ് ഓഫീസിൽ എത്തണം. അഡ്മിഷൻറെ ഭാഗമായുള്ള കായിക ക്ഷമതാ പരീക്ഷയും അന്നു നടക്കും.

ബി.പി.ഇ.എഡ് കോഴ്സിന് 1300 രൂപയും ബി.പി.ഇ.എസ് കോഴ്സിന് 800 രൂപയും അപേക്ഷാ ഫീസ് ഓൺലൈൻ ആയി MGU online payment gateway ലെ Fee From Department ഹെഡിൽ അടച്ച് ചെലാൻ സമർപ്പിക്കണം.

……………………………..

സ്കൂൾ ഓഫ് നാനോ സയൻസ് ആൻറ് നാനോ ടെക്നോളജിയിൽ എം.ടെക് നോനോ സയൻസ് ആൻറ് നാനോ ടെക്നോളജി - ജനറൽ മെറിറ്റ്(7), എം.എസ്.സി കെമിസ്ട്രി - ജനറൽ മെറിറ്റ്(5),എസ്.സി(2),എസ്.ടി(1), എം.എസ്.സി ഫിസിക്സ് - ജനറൽ മെറിറ്റ്(3),എസ്.സി(2),എസ്.ടി(1), എം.എസ്.സി ഫിസിക്സ്(കണ്ണൂർ സർവകലാശാലയുമായുള്ള ജോയിൻറ് പ്രോഗ്രാം) - ജനറൽ മെറിറ്റ്(4) പ്രോഗ്രാമുകളിൽ സീറ്റുകൾ ഒഴിവുണ്ട്.

യോഗ്യരായ വിദ്യാർഥികൾ അസ്സൽ രേഖകളുമായി ഓഗസ്റ്റ് ഏഴിന് ഉച്ചയ്ക്ക് 12ന് മുൻപ് കൺവർജൻസ് അക്കാദമിയ കോംപ്ലക്സിലെ വകുപ്പ് ഓഫീസിൽ(റൂം നമ്പർ 302) നേരിട്ട് എത്തണം. വിശദ വിവരങ്ങൾ വെബ് സൈറ്റിൽ (൦൦൦.ാഴൗ.മര.ശി). ഫോൺ: 9446866088

....................................

സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസിൽ എം.ടെക് എനർജി സയൻസ് ആൻറ് ടെക്നോളജി - ജനറൽ മെറിറ്റ്(6), എം.എസ്.സി മെറ്റീരിയൽ സയൻസ്(സ്പെഷ്യലൈസേഷൻ ഇൻ എനർജി സയൻസ്) - ജനറൽ മെറിറ്റ്(4),എസ്.സി(1),എസ്.ടി(1), എം.എസ്.സി ഫിസിക്സ്(സ്പെഷ്യലൈസേഷൻ ഇൻ എനർജി സയൻസ്) - എസ്.സി(1),എസ്.ടി(1), എം.എസ്.സി കെമിസ്ട്രി(സ്പെഷ്യലൈസേഷൻ ഇൻ എനർജി സയൻസ്) - എസ്.സി(1),എസ്.ടി(1) പ്രോഗ്രാമുകളിൽ സീറ്റുകൾ ഒഴിവുണ്ട്.

യോഗ്യരായ വിദ്യാർഥികൾ അസ്സൽ രേഖകളുമായി ഓഗസ്റ്റ് ഏഴിന് ഉച്ചയ്ക്ക് 12ന് മുൻപ് കൺവർജൻസ് അക്കാദമിയ കോംപ്ലക്സിലെ വകുപ്പ് ഓഫീസിൽ(റൂം നമ്പർ 302) നേരിട്ട് എത്തണം. വിശദ വിവരങ്ങൾ വെബ് സൈറ്റിൽ (ംംം.ാഴൗ.മര.ശി). ഫോൺ: 7736997254

(പി.ആർ.ഒ/39/927/2023)

## പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ എം.എസ്.സി സൈബർ ഫോറൻസിക് - ജൂലൈ 2023(സി.എസ്.എസ് - 2021 അഡ്മിഷൻ റഗുലർ, 2019,2020 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് എട്ടു മുതൽ അതത് കോളജുകളിൽ നടക്കും. ടൈംടേബിൾ വെബ്സൈറ്റിൽ.

.......................

നാലാം സെമസ്റ്റർ എം.എസ്.സി സ്റ്റാറ്റിസ്റ്റിക്സ് വിത്ത് ഡാറ്റ സയൻസ് - ജൂൺ 2023(2021 അഡ്മിഷൻ റഗുലർ, 2019,2020 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് 10 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. ടൈംടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/928/2023)

## പരീക്ഷാ ഫലം

കഴിഞ്ഞ സെപ്റ്റംബറിൽ നടന്ന പ്രൈവറ്റ് രജിസ്ട്രേഷൻ അഞ്ച്, ആറ് സെമസ്റ്റർ ബി.കോം - ഓഗസ്റ്റ് 2022(സി.ബി.സി.എസ്.എസ് - 2014 മുതൽ 2016 വരെ അഡ്മിഷനുകൾ സപ്ലിമെൻററി, 2012,2013 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഫീസ് അടച്ച് ഓഗസ്റ്റ് 17 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

......................

മാർച്ചിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എ ജേണലിസം ആൻറ് മാസ്സ്

കമ്മ്യൂണിക്കേഷൻ(2022 അഡ്മിഷൻ റഗുലർ, 2019,2020,2021 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഫീസ് അടച്ച് ഓഗസ്റ്റ് 17 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

......................

മാർച്ചിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്.സി ബയോടെക്നോളജി (പി.ജി.സി.എസ്.എസ് - 2022 അഡ്മിഷൻ റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഫീസ് അടച്ച് ഓഗസ്റ്റ് 17 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

(പി.ആർ.ഒ/39/929/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**